ഉത്തരം

(എ&ബി) സഹകരണമേഖലയിൽ സർക്കാർ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ഒരു ഇൻഷ്വറൻസ് കമ്പനിയല്ല ; മറിച്ച് ഒരു ഇൻഷ്വറൻസ് സഹകരണ സംഘമാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മേഖലകളെ ഇതിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ഇൻഷ്വറൻസ് രംഗം സ്വകാര്യവൽക്കരിച്ചിരിക്കുന്ന സാഹചര്യത്തിൽ ക്രിയാത്മകമായ സമീപനം മാത്രമാണ് ഇൻഷ്വറൻസ് സഹകരണസംഘത്തിലൂടെ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനത്തെ ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയില്ല.

(സി) പൊതുമേഖലയിൽ നിന്നും ഇൻഷ്വറൻസ് മാറ്റിയത് ശരിയായ നടപടിയല്ല. എന്നതാണ് സർക്കാരിന്റെ നിലപാട്.

(ഡി) സഹകരണമേഖലയിൽ ഇപ്രകാരം ഒരു സംഘം രൂപീകരിക്കുന്നതു സ്വകാര്യമേഖലയ്ക്കു എതിരായ ഒരു നടപടികൂടിയാണ്.

(ഇ) ചോദ്യം (ഡി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സഹകരണമേഖലയിൽ കെട്ടികിടക്കുന്ന പണം ചെലവഴിക്കാൻ നടപടി

97 (937) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു സഹകരണമേഖലയിൽ നീക്കിയിരുപ്പുള്ള തുക എത്ര ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാന ബജനാവിലേയ്ക്ക് സഹകരണമേഖലയിൽ നിന്നും ഇതിനകം നിക്ഷേപിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 12,000-ൽപ്പരം സഹകരണസ്ഥാപനങ്ങളുടെ ഇപ്പോഴത്തെ നീക്കിയിരുപ്പ് തുക കണക്കാക്കിയിട്ടില്ല.

(ബി) സഹകരണമേഖലയിലെ മിച്ചധനം സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ നടപടി എടുത്തുവരുന്നു.

(സി) ഇപ്പോൾ 850.20 കോടി രൂപാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ

98 (938) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly